REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 23-02-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ ഇന്ത്യൻ ഗവർണർ ജനറലായ C രാജഗോപാലാചാരിയുടെ പ്രതിമ രാഷ്ട്രപതി ഭവനിൽ ഇന്ന് അനാച്ഛാദനം ചെയ്യും.**
- **ഇന്ത്യ- ഇസ്റാഈൽ ദീർഘകാല സൗഹൃദത്തിന് രാജ്യം വലിയ പ്രാധാന്യം നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **സംസ്ഥാന നിയമസഭാ സമ്മേളനം ഇന്നു പുനരാരംഭിക്കും.**
- **പത്തു വർഷത്തിനുള്ളിൽ ആരോഗ്യ രംഗത്ത് വലിയ മാറ്റങ്ങളാണ് ഉണ്ടായതെന്നും ചില പ്രശ്നങ്ങൾ ഉയർന്നു വന്നത് പരിഹരിക്കാൻ ശ്രമങ്ങൾ ഉണ്ടാകുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളജുകളിലെ ഡോക്ടർമാരുടെ സമരം തുടരുന്നു.**
- **ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സിന് തോൽവി.**

## വാർത്തകൾ വിശദമായി

പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. ശബരിമല സ്വർണപ്പാളി വിഷയത്തിൽ മന്ത്രി VN വാസവൻ രാജിവെക്കണമെന്ന് ആവശ്യപ്പെട്ട് രാവിലെ സഭ ചേർന്നയുടനെയാണ് പ്രതിപക്ഷം പ്രതിഷേധിച്ചത്. പ്രതിപക്ഷ നേതാവിന്റെ അസാന്നിധ്യത്തിൽ കോൺഗ്രസിലെ കെ.ബാബുവാണ് സംസാരിച്ചത്.

ശബരിമല സ്വർണക്കൊള്ള കേസിലെ പ്രതികൾക്ക് ജയിലിൽ നിന്ന് പുറത്തിറങ്ങാൻ ഗവൺമെന്റ് ഒത്താശ ചെയ്തെന്നും, തന്ത്രിയെ ഒരു

കാരണവുമില്ലാതെ ജയിലിലടച്ചെന്നും കെ.ബാബു ആരോപിച്ചു. സഭാ നടപടികളിൽ പ്രതിപക്ഷം നിസ്സഹകരണം തുടരുമെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളികളുമായി പ്രതിപക്ഷ അംഗങ്ങൾ സഭയുടെ നടുത്തളത്തിലേക്ക് ഇറങ്ങി. ഇത് വകവെക്കാതെ സ്പീക്കർ ചോദ്യോത്തര വേള തുടർന്നു.

അതേസമയം, ഹൈക്കോടതിക്കെതിരെയാണ് കെ ബാബു പ്രതികരിച്ചതെന്നു മന്ത്രി പി രാജീവ് പറഞ്ഞു. പ്രതിപക്ഷത്തിന്റെ നടപടി രാഷ്ട്രീയ ലക്ഷ്യം വെച്ചാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ശബരിമല സ്വർണ്ണക്കൊള്ളക്കേസിൽ തന്ത്രി പ്രതിയാണോ അല്ലയോ എന്ന് ഗവൺമെന്റിന് അഭിപ്രായമില്ലെന്നും അന്വേഷണം പൂർണമായും ഹൈക്കോടതിയുടെ നിയന്ത്രണത്തിലാണെന്നും മന്ത്രി വ്യക്തമാക്കി.

ശബരിമല സ്വർണക്കൊള്ള കേസ് പ്രതികളിൽ ഒരാളായ തന്ത്രിയെ കേസിൽ നിന്ന് ഒഴിവാക്കണമെന്നാണ് പ്രതിപക്ഷത്തിന്റെ നിലപാടെന്ന് മന്ത്രി MB രാജേഷ് അഭിപ്രായപ്പെട്ടു. തന്ത്രിക്ക് എന്ത് പ്രത്യേക അവകാശമാണ് ഉള്ളതെന്ന് ചോദിച്ച മന്ത്രി, തന്ത്രിയുടെ വക്കാലത്ത് ബിജെപിയും പ്രതിപക്ഷവും ഏറ്റെടുത്തിരിക്കുകയാണെന്നും കുറ്റപ്പെടുത്തി.

ഇതിനുപിന്നാലെ പ്രതിപക്ഷം സഭ വിട്ടിറങ്ങി.

തുടർന്ന് സഭാ നടപടികൾ വേഗത്തിൽ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിയുന്നതായി സ്പീക്കർ AN ഷംസീർ അറിയിക്കുകയായിരുന്നു.

✪✪✪

ആഭ്യന്തര വൈദ്യുതോത്പാദനം വർധിപ്പിച്ചതോടെ സംസ്ഥാനത്തെ പവർ കട്ടും ലോഡ് ഷെഡിങ്ങും ഒഴിവാക്കാൻ കഴിഞ്ഞെന്ന് മന്ത്രി K കൃഷ്ണൻകുട്ടി നിയമസഭയിൽ പറഞ്ഞു. സോളാറിൽ 2100 മെഗാവാട്ടും, ഹൈഗ്രിഡിൽ നിന്ന് 171 മെഗാവാട്ടും വൈദ്യുതി ഉത്പാദിപ്പിച്ചതായി മന്ത്രി ചോദ്യോത്തര വേളയിൽ അറിയിച്ചു.

✪✪✪

ശബരിമല തന്ത്രിയെ തെളിവില്ലാതെ അറസ്റ്റു ചെയ്തത് എന്തിനാണെന്ന് SIT വ്യക്തമാക്കണമെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ ഇടുക്കിയിൽ പുതുയുഗ യാത്രക്കിടെ ആവശ്യപ്പെട്ടു. തെളിവിന്റെ കണിക പോലുമില്ലാതെയാണ് തന്ത്രിയുടെ അറസ്റ്റെന്ന് കോടതി പോലും വ്യക്തമാക്കിയ സാഹചര്യത്തിലാണ് ഇക്കാര്യം ആവശ്യപ്പെടുന്നതെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

സംസ്ഥാനത്തെ ജനങ്ങളുടെ നികുതിപ്പണം കൊണ്ട് തിരഞ്ഞെടുപ്പ് പ്രചാരണം നടത്തുകയാണ് പിണറായി വിജയനും മന്ത്രിമാരുമെന്നും VD സതീശൻ ആരോപിച്ചു.

✪✪✪

സംസ്ഥാനത്തെ യഥാർത്ഥ ബദൽ BJP യാണെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു. കേരളത്തിൽ BJP ഭരണമെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സ്വപ്നം യാഥാർത്ഥ്യമാക്കുമെന്ന് അദ്ദേഹം കൊച്ചിയിൽ BJP സംഘടിപ്പിച്ച പരിപാടിയിൽ വ്യക്തമാക്കി.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ ചർച്ച ചെയ്യാൻ LDF യോഗം ഇന്ന് തിരുവനന്തപുരത്ത്. സീറ്റ് വിഭജനം ഉൾപ്പെടെ പ്രധാന ചർച്ചകൾ യോഗത്തിലുണ്ടാകുമെന്ന് കരുതുന്നു. പ്രകടന പത്രിക തയ്യാറാക്കുന്നതിന് പ്രാഥമിക ചർച്ചകളും യോഗത്തിലുണ്ടായേക്കും. മേഖലാജാഥകളുടെ പുരോഗതിയും യോഗം വിലയിരുത്തും.

സീറ്റ് വിഭജനം സംബന്ധിച്ച് ഘടക കക്ഷികളുമായി CPIM നേതൃത്വം ചർച്ചകൾക്ക് ഇന്ന് തുടക്കമിടുമെന്നാണ് കരുതുന്നത്. ഘടക പാർട്ടികൾ മത്സരിക്കുന്ന സീറ്റുകൾ സംബന്ധിച്ചും കൂടിയാലോചനകൾ ഉണ്ടാവും. ചില മണ്ഡലങ്ങൾ വെച്ചുമാറുന്നത് സംബന്ധിച്ച കാര്യവും നേതൃത്വം ചർച്ച ചെയ്തേക്കും.

✪✪✪

കണ്ണൂർ കല്ല്യാട് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ഉദ്ഘാടനത്തിന്റെ ഭാഗമായി പോലീസ് മൈതാനിയിലെ ആയുർവേദ എക്സ്പോ ശ്രദ്ധേയമാകുന്നു. കല്യാട്ട് ഒന്നാം ഘട്ടം പൂർത്തിയായ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം മറ്റന്നാൾ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

..........(വോയ്സ്)..................

✪✪✪

ഹരിത കേരളം ദേശീയ പരിസ്ഥിതി സമ്മേളനത്തിന് ഇന്ന് തുടക്കമാകും. ഉച്ചക്ക് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മേളനം ഉദ്ഘാടനം

ചെയ്യും. കൃഷി, പരിസ്ഥിതി പുനസ്ഥാപനം, കാലാവസ്ഥാ വ്യതിയാനം, മനുഷ്യ-വന്യജീവി സംഘർഷം തുടങ്ങി വിവിധ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയാകും.

✪✪✪

MT വാസുദേവൻ നായർക്ക് അനുയോജ്യമായ സ്മാരകം നിർമ്മിക്കാൻ കോഴിക്കോട് കോർപ്പറേഷൻ വികസന  സെമിനാർ തീരുമാനിച്ചു. നാടക സംഘങ്ങളെ ഉൾപ്പെടുത്തി നാടകോത്സവം സംഘടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കാനും യോഗം തീരുമാനിച്ചു. വികസന സെമിനാർ തളി ജൂബിലി ഹാളിൽ മേയർ O സദാശിവൻ ' ഉദ്ഘാടനം ചെയ്തു.

✪✪✪

വിഴിഞ്ഞത്ത് തുറമുഖാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ കേന്ദ്ര സ്ഥാപനങ്ങൾ 2000 കോടി രൂപ നിക്ഷേപിക്കും. സെൻട്രൽ വെയർഹൗസിങ് കോർപ്പറേഷനും കണ്ടെയ്നർ കോർപ്പറേഷൻ ഓഫ് ഇന്ത്യയും ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമാണ് നിക്ഷേപം നടത്തുക.

സംസ്ഥാന ഗവൺമെന്റിന് കീഴിലെ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡുമായി കമ്പനികൾ ഇതുസംബന്ധിച്ച ധാരണാപത്രം ഇന്ന് ഒപ്പിടും. നിയമസഭാ മന്ദിരത്തിൽ മുഖ്യമന്ത്രിയുടെ ചേംബറിൽ വെച്ചാണ് ധാരണാപത്രം ഒപ്പിടുക.

വിഴിഞ്ഞത്ത് കപ്പലുകൾക്ക് ഇന്ധനം നൽകുന്നതിന് ബങ്കറിങ് പദ്ധതിക്കാണ് IOCL 700 കോടി രൂപ നിക്ഷേപിക്കുന്നത്.

✪✪✪

മുൻ റെയിൽവേ മന്ത്രിയും രാജ്യസഭാ അംഗവുമായിരുന്ന മുകുൾ റോയ് പുലർച്ചെ കൊൽക്കത്തയിൽ അന്തരിച്ചു. 71 വയസ്സായിരുന്നു. തൃണമൂൽ കോൺഗ്രസ് സ്ഥാപക നേതാക്കളിൽ ഒരാളായിരുന്നു അദ്ദേഹം.

പിന്നീട് BJP യിൽ ചേർന്ന് 2021 ൽ നിയമസഭാ തിരഞ്ഞെടുപ്പിൽ വിജയിച്ചെങ്കിലും തുടർന്ന് മുകുൾ റോയ് തൃണമൂലിലേക്ക് മടങ്ങിയിരുന്നു.

✪✪✪

മുൻ കേന്ദ്രമന്ത്രി മുകുൾ റോയിയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചിച്ചു. മുകുൾ റോയിയുടെ രാഷ്ട്രീയ അനുഭവത്തിലൂടെയും

സാമൂഹ്യ സേവന ശ്രമങ്ങളിലൂടെയും അദ്ദേഹം എന്നും ഓർമ്മിക്കപ്പെടുമെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

ന്യൂഡൽഹിയിൽ സമാപിച്ച ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. ഉച്ചകോടിയിലൂടെ ഇന്ത്യയുടെ കഴിവുകളെക്കുറിച്ച് ആഗോളതലത്തിൽ വ്യാപകമായ മതിപ്പ് ഉണ്ടായതായി പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളജുകളിലെ ഡോക്ടർമാരുടെ സമരം തുടരുന്നു. ഗവൺമെന്റ് ചർച്ചകൾക്ക് തയ്യാറാകാത്തതിന്റെ സാഹചര്യത്തിലാണ് സമരം തുടരുന്നത്. വിവിധ ആവശ്യങ്ങളുന്നയിച്ച് കേരള ഗവൺമെന്റ് മെഡിക്കൽ കോളജ് ടീച്ചേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിലാണ് OP യും ശസ്ത്രക്രിയകളും ബഹിഷ്ക്കരിച്ച് ഡോക്ടർമാർ സമരം നടത്തുന്നത്.

✪✪✪

കണ്ണൂർ കതിരൂർ ഏഴരകണ്ടത്ത് നടന്ന പൊന്ന്യത്തങ്കം സമാപിച്ചു. ഇന്നലെ വൈകീട്ട് മുതൽ പുലർച്ചെ വരെ നീണ്ടുനിന്ന വീറും വാശിയും നിറഞ്ഞ പ്രകടനം കാണാനായി നിരവധി ആളുകളാണ് എത്തിയത്.

തച്ചോളി ഒതേനന്റെയും കതിരൂർ ഗുരുക്കളുടെയും ചരിത്രമുറങ്ങുന്ന മണ്ണിൽ പോരാട്ടവീര്യത്തിന്റെ സ്മരണ പുതുക്കിയ പരിപാടികൾ സാംസ്കാരിക കേരളത്തിന് പുതിയ അനുഭവമായി മാറി.

സമാപന സമ്മേളനം തലശേരി അതിരൂപതാ ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു.

✪✪✪

ICC പുരുഷ ട്വന്റി -20 ലോകകപ്പ് ക്രിക്കറ്റിൽ സിംബാബ്‌വെ ഇന്ന് വെസ്റ്റിൻഡീസിനെ നേരിടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ രാത്രി ഏഴിനാണ് മത്സരം.

✪✪✪

കൊച്ചിയിൽ ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന് മോഹൻ ബഗാൻ, ചെന്നെയിൻ FC യെ നേരിടും. വൈകീട്ട് 7.30ന് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

പ്രസിദ്ധമായ ചെട്ടികുളങ്ങര കുംഭ ഭരണി മഹോത്സവം ഇന്ന്. കെട്ടുകാഴ്ച എഴുന്നള്ളിപ്പും കുത്തിയോട്ടവുമാണ് ചെട്ടികുളങ്ങരയിലെ പ്രധാന ആകർഷണം.

കുംഭ ഭരണിയോടനുബന്ധിച്ച് ഇന്ന് മാവേലിക്കര, കാർത്തികപ്പള്ളി താലൂക്കുകളിലെ ഗവൺമെന്റ് ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുപരീക്ഷകൾ മുൻ നിശ്ചയപ്രകാരം നടക്കും.

✪✪✪

ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ പൊങ്കാല മഹോൽസവത്തിന് ഇന്ന് തുടക്കമാകും. വൈകിട്ട് 5.30ന് ദേവിയെ കാപ്പുകെട്ടി കുടിയിരുത്തുന്നതോടെ തോറ്റംപ്പാട്ട് തുടങ്ങും. ഉത്സവത്തിന്റെ ഒമ്പതാം ദിവസമായ മാർച്ച് മൂന്നിനാണ് ആറ്റുകാൽ പൊങ്കാല.

✪✪✪

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, ലൂക്ക സയൻസ് പോർട്ടൽ, കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, ഗവ. വിമൻസ് കോളേജ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ വിമൻസ് കോളജിൽ സംഘടിപ്പിക്കുന്ന ക്വാണ്ടം സെഞ്ച്വറി എക്സിബിഷൻ നാളെ സമാപിക്കും.

നാളെ വൈകിട്ട് സമാപനസമ്മേളനം K N ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. മന്ത്രി V ശിവൻകുട്ടി അധ്യക്ഷനാകുന്ന യോഗത്തിൽ പ്രമുഖ ശാസ്ത്രജ്ഞ ഡോ. ടെസ്സി തോമസ് മുഖ്യാതിഥിയാകും.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമി തളിപ്പറമ്പിൽ സംഘടിപ്പിച്ച മൂന്നാമത് ഹാപ്പിനെസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഇന്ന് സമാപിക്കും. വൈകിട്ട് ആറു മണിക്ക് ക്ലാസിക് തീയേറ്ററിൽ നടക്കുന്ന സമാപന ചടങ്ങ് M V ഗോവിന്ദൻ MLA ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര അക്കാദമി ചെയർപേഴ്സൺ ഡോ. റസൂൽ പൂക്കുട്ടി അധ്യക്ഷനാകും.

✪✪✪

സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് ദിനം ഇന്ന് ആഘോഷിക്കുന്നു. ദിനാഘോഷം തിരുവനന്തപുരത്തെ പോലീസ് ട്രയിനിംഗ് കോളേജിലെ ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സ്പെഷ്യൽ ബ്രാഞ്ച്

രൂപീകരിച്ച ഫെബ്രുവരി 23 ഇനി മുതൽ എല്ലാ വർഷവും സ്പെഷ്യൽ ബ്രാഞ്ച് ദിനമായി ആഘോഷിക്കും.

✪✪✪

സംസ്ഥാനത്ത് സ്വർണവില പവന് 1,520 രൂപ വർധിച്ചു. പവന് ഒരു ലക്ഷത്തി 18,320 രൂപയ്ക്കാണ് വ്യാപാരം പുരോഗമിക്കുന്നത്.

ഗ്രാമിന് 190 രൂപ വർധിച്ച് 14,790 രൂപയാണ് വില.

✪✪✪

ഝാർഖണ്ഡ് മുൻസിപ്പൽ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് പുരോഗമിക്കുന്നു. സംസ്ഥാനത്തെ 43 ലക്ഷത്തി 43,000 വോട്ടർമാരാണ് തിരഞ്ഞെടുപ്പിൽ വിധിയെഴുതുന്നത്. 20 നഗര പരിഷത്തുകളിലേക്കും, 19 നഗര പഞ്ചായത്തുകളിലേക്കുമാണ് വോട്ടെടുപ്പ്.

✪✪✪

നേപ്പാളിൽ പുലർച്ചെയുണ്ടായ ബസ്സപകടത്തിൽ രണ്ട് വിദേശികളുൾപ്പെടെ 17 പേർ മരിച്ചു. പൊഖാറയിൽ നിന്ന് കാഠ്മണ്ഡുവിലേക്ക് പോകുകയായിരുന്ന ബസ് തൃശൂലി നദിയിൽ മറിയുകയായിരുന്നു.

✪✪✪

---

.

***News Editor : വി കെ സുരേഷ്***
***News Reader: സയ്യിദ് അലി ശിഹാബ്***
***News Team: ശ്രുതി എം, അൻഷ കരീം***
***DEO: ഷീബ***